## അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന് പിരിച്ചുവിട്ട അദ്ധ്യാപികയെ തിരിച്ചെടുക്കണമെന്ന വിധി റദ്ദാക്കി

### സുപ്രീം കോടതി

C.A. No. 142/2021 Dt. 20.1.2021

സ്റ്റേറ്റ് ഓഫ് ഉത്തരാഖണ്ഡ് x സുരേഷതി

ജയ് ഭാരത് ജൂനിയർ ഹൈസ്കൂളിൽ അസിസ്റ്റന്റ് ടീച്ചർ എന്ന തസ്തികയിൽ 1993-ലാണ് സുരേഷതി നിയമിക്കപ്പെട്ടത്. സർക്കാർ സഹായമില്ലാതെ പ്രവർത്തിച്ചിരുന്ന സ്വകാര്യ വിദ്യാലയമായിരുന്നു മേൽപറഞ്ഞ സ്കൂൾ. സ്കൂൾ മേനേജിങ് കമ്മിറ്റിയുടെ പ്രസിഡന്റും അംഗവുമാണ് അദ്ധ്യാപികയുടെ മാതാപിതാക്കന്മാർ. 1994-ൽ അദ്ധ്യാപികയെ തൽസ്ഥാനത്തുനിന്ന് മാറ്റി സ്കൂളിലെ ക്ലർക്കായി നിയമിച്ചു. 1997-ൽ വിവാഹിതയായ അവർ ഭർത്തൃവീട്ടിൽ താമസിക്കാൻ തുടങ്ങിയതിനു ശേഷം പിന്നീട് ജോലിക്ക് ഹാജരായില്ല. അതിനാൽ തൽസ്ഥാനത്ത് മറ്റൊരാളെ മേനേജ്മെന്റ് ക്ലർക്കായി നിയമിച്ചു. 2006-ൽ പ്രസ്തുത സ്കൂളിന് സർക്കാർ ധനസഹായം നല്കാൻ തുടങ്ങി. സർക്കാർ സ്കൂളിലെ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ പ്രസ്തുത സ്കൂളിലെ ജീവനക്കാർക്കും ലഭിക്കാൻ തുടങ്ങി. ഇതറിഞ്ഞ സുരേഷതി തന്നെ അനധികൃതമായി 2006-ൽ പിരിച്ചുവിട്ടുവെന്ന് കാണിച്ച് പരാതി നല്കി. പരാതിയിൽ അന്വേഷണം നടത്തിയ ലേബർ കമ്മീഷണർ 1997-നു ശേഷം തൊഴിലാളി ജോലിക്ക് ഹാജരായിട്ടില്ലെന്നും സർക്കാർ ഏറ്റെടുക്കുമ്പോഴുള്ള സ്കൂളിലെ ജീവനക്കാരുടെ പട്ടികയിൽ പരാതിക്കാരിയുടെ പേരില്ലെന്നും റിപ്പോർട്ട് ചെയ്തു.തുടർന്ന് പരാതിക്കാരി ലേബർ കോടതിയെ സമീപിച്ചു. ഗാർഹികാന്വേഷണം നടത്താതെയും റിട്രഞ്ച്മെന്റ് നഷ്ടപരിഹാരം നല്കാതെയും തന്നെ പിരിച്ചുവിട്ടുവെന്നാണ് പരാതിക്കാരി ആരോപിച്ചത്. 1997 മുതൽ പരാതിക്കാരി ജോലിക്ക് ഹാജരായിട്ടില്ലെന്നും 2006-ന് തൊട്ടുമുമ്പുള്ള വർഷം 240 ദിവസം ജോലി ചെയ്തുവെന്ന് സ്ഥാപിക്കാനാവാത്ത തൊഴിലാളിക്ക് വ്യവസായതർക്ക നിയമപ്രകാരം യാതൊരു നിവൃത്തിക്കും അർഹതയില്ലെന്നും മേനേജ്മെന്റ് വാദിച്ചു. 1997 മുതൽ 2006 വരെ ജോലി ചെയ്തുവെന്നതിന് തെളിവില്ലെന്നു കണ്ട ലേബർ കോടതി തൊഴിലാളിയുടെ പരാതി തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഗാർഹികാന്വേഷണം നടത്താതെ അല്ലെങ്കിൽ റിട്രഞ്ച്മെന്റ് നഷ്ടപരിഹാരം നല്കാതെ തൊഴിലാളിയെ പിരിച്ചുവിട്ടത് അസാധുവാണെന്നു കണ്ട ഹൈക്കോടതി തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് വിധിച്ചു. ഇതിനെതിരെ മേനേജ്മെന്റ് സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചു. 2006-ൽ തന്നെ പിരിച്ചുവിട്ടുവെന്നാണ് തൊഴിലാളി അവകാശപ്പെടുന്നതെന്നും അതിനു തൊട്ടുമുമ്പുള്ള വർഷം 240 ദിവസം ജോലി ചെയ്തുവെന്നോ തന്നെ പിരിച്ചുവിട്ടുവെന്നോ തെളിയിക്കാൻ തൊഴിലാളിക്ക് സാധിച്ചിട്ടില്ലെന്ന് മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. 1997-ലെ വിവാഹത്തിനു ശേഷം ജോലി ഉപേക്ഷിച്ച തൊഴിലാളി സ്കൂൾ സർക്കാർ ഏറ്റെടുത്തെന്നറിഞ്ഞപ്പോൾ വസ്തുതകൾ മറച്ച് വച്ച് പരാതി നല്കിയതാണെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. 2006-നു മുമ്പുള്ള വർഷം 240 ദിവസം ജോലി ചെയ്തുവെന്ന് തെളിയിക്കാൻ തൊഴിലാളിക്ക് സാധിക്കാത്തതിനാൽ വ്യവസായ തർക്ക നിയമപ്രകാരം യാതൊരു നിവൃത്തിക്കും അർഹതയില്ലെന്ന് വിലയിരുത്തിയ സുപ്രീം കോടതി ഹൈക്കോടതിയുടെ വിധി റദ്ദാക്കുകയും ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും മേനേജ്മെന്റിന്റെ അപ്പീൽ അനുവദിക്കുകയും ചെയ്ത